**File No.LSGD-DB3/38/2020-LSGD**

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ്- പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് അവരുൾപ്പെടുന്ന സമുദായത്തിന്റെ വക ശ്മശാനങ്ങളിൽ ആവശ്യം വേണ്ട അറ്റകുറ്റപ്പണികൾ, മറ്റു സൗകര്യമൊരുക്കൽ തുടങ്ങിയവയ്ക്കു് ഗ്രാമപഞ്ചായത്തിനും നഗരസഭകൾക്കും പ്രോജക്ടുകൾ വയ്ക്കുന്നതിന് അനുമതി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ(ഡി.ബി) വകുപ്പ്

സ.ഉ.(സാധാ) നം.982/2020/ത.സ്വ.ഭ.വ    തീയതി,തിരുവനന്തപുരം, 26/05/2020

---

പരാമർശം:- വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 25.02.2020 ലെ പൊതുവിഷയങ്ങൾ ഖണ്ഡിക നം.3.6 നമ്പർ തീരുമാനം.

<u>ഉത്തരവ്</u>

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് അവരുൾപ്പെടുന്ന സമുദായത്തിന്റെ വക ശ്മശാനങ്ങൾ ഗ്രാമപഞ്ചായത്തിന്റെ/നഗരസഭകളുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടവയാകില്ല. പ്രസ്തുത ശ്മശാനങ്ങൾ പട്ടികജാതി വിഭാഗത്തിൽപ്പെടുന്നവർമാത്രം ഉപയോഗിക്കുന്നതും അവരുടെ കമ്മിറ്റികൾ പരിപാലിച്ച് വരുന്നതുമാണ്. ഇത്തരം ശ്മശാനങ്ങളിൽ ആവശ്യം വേണ്ട അറ്റകുറ്റപ്പണികൾ, മറ്റു സൗകര്യമൊരുക്കൽ എന്നിവ സംബന്ധിച്ച പ്രോജക്ടുകൾ പട്ടികജാതിക്കാരുടെ സാമൂഹിക വികസനവും പൊതു സൗകര്യവും ലക്ഷ്യമിട്ടുള്ളതാണ്.

2) സർക്കാർ ഇക്കാര്യം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയിൽ പരിശോധിക്കുകയും മേൽ കമ്മിറ്റിയുടെ പരാമർശ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് അവരുൾപ്പെടുന്ന സമുദായത്തിന്റെ വക ശ്മശാനങ്ങൾ ഗ്രാമപഞ്ചായത്തിന്റെ/നഗരസഭകളുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടവയാകില്ലയെങ്കിലും ഇത്തരം ശ്മശാനങ്ങളിൽ ആവശ്യം വേണ്ട അറ്റകുറ്റപ്പണികൾ മറ്റു സൗകര്യമൊരുക്കൽ തുടങ്ങിയവയ്ക്കു് ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും പ്രോജക്ടുകൾ വയ്ക്കുന്നതിന് അനുമതി നൽകികൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

പകർപ്പ്
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ്ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും(പഞ്ചായത്ത് ഡയറക്ടർ മുഖേന).
എല്ലാ നഗരസഭാ അദ്ധ്യക്ഷൻമാർക്കും/സെക്രട്ടറിമാർക്കും(നഗരകാര്യ ഡയറക്ടർ മുഖേന).
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ത.സ്വ.ഭ(ഡി.എ) വകുപ്പ്.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ